(ബി) ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്ന തരത്തിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) നരിക്കുനി സി.എച്ച്.സി.-യിൽ കാഷ്വാൽറ്റി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇപ്പോൾ മൂന്ന് അസിസ്റ്റന്റ് സർജന്മാരുടെയും ഒരു സിവിൽ സർജന്റെയും തസ്തികകളാണുള്ളത്. രാത്രികാലങ്ങളിൽ കാൾ ഡ്യൂട്ടി സൗകര്യം ലഭ്യമാണ്.

(ബി) നരിക്കുനി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1669/2014/ആകവ തീയതി 25-6-2014, ഉത്തരവ് നമ്പർ (സാധാ) 04/2015/ആകവ തീയതി 1-1-2015 പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്.

(സി) നിലവിൽ താലൂക്കാശുപത്രികളിലാണ് കാഷ്വാൽറ്റി സംവിധാനം അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സി.എച്ച്.സി. -കളിലെ സ്റ്റാഫ് പാറ്റേൺ

11(708) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എച്ച്.സി-കളിലെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവ് സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സി.എച്ച്.സി-കളിലെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടെങ്കിൽ ആയതനുസരിച്ച് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ബി) സ.ഉ.(എംഎസ്.)നമ്പർ 568/2008/ആ.കു.വ. തീയതി 06/1/2008 പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ, സ്പെഷ്യാലിറ്റികൾ, ബെഡ് സ്ട്രെങ്ത്, ചികിത്സ/ രോഗപരിശോധനാ സൗകര്യങ്ങൾ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവയെ അടിസ്ഥാന-

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ആയതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് സമഗ്രമായ നടപടികൾ ആവശ്യമാണ്. പ്രസ്തുത നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ മാത്രമേ ടി സ്റ്റാർ പദ്ധതി അനുസരിച്ചുള്ള ജീവനക്കാരുടെ നിയമനം പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഓരോ ബ്ലോക്ക് പഞ്ചായത്തിലെയും ഒരു ആശുപത്രിയിലെങ്കിലും ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളോടുകൂടിയ വികസിപ്പിച്ച സംവിധാനം ലഭ്യമാക്കുന്നതിനുള്ള 2011-12-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 154 ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ വികസിപ്പിച്ച സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയിൽ 125 സി.എച്ച്.സി.-കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി സി.എച്ച്.സി.-കളിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് വിഭാഗങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായി ഉയർത്തൽ

12(709) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ (പി.എച്ച്.സി.) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി.എച്ച്.സി.) ആയി ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായി ഉയർത്തിയിട്ടുണ്ട്?

ഉത്തരം

(എ) ഒമ്പത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

1	തിരുവനന്തപുരം	1 (പി.എച്ച്.സി. പള്ളിക്കൽ)
2	പത്തനംതിട്ട	1 (പി.എച്ച്.സി. പിറ്റാർ)
3	കോട്ടയം	2 (പി.എച്ച്.സി. വാകത്താനം, പി.എച്ച്.സി. അയർക്കുന്നം)
4	എറണാകുളം	1 (പി.എച്ച്.സി. പുത്തോട്ട)
5	തൃശ്ശൂർ	2 (പി.എച്ച്.സി. ഊർങ്ങാട്ടിരി, 24x7 പി.എച്ച്.സി. പെരുമ്പിള്ളിശ്ശേരി)
6	കോഴിക്കോട്	1 (പി.എച്ച്.സി. കൊടഞ്ചേരി)
7	കണ്ണൂർ	1 (പി.എച്ച്.സി. ചുഴലി)

LIBRARY ARCHIVES Kerala Legislative Assembly